Department of Kerala Prisons & Correctional Services

www.keralaprisons.gov.in
0471-2342532
keralaprisons@gov.in

ആസ്ഥാനകാര്യാലയം,
ജയിൽ വകുപ്പ്, കേരളം
പൂജപ്പുര,
തിരുവനന്തപുരം-695 012

KPCS/966/2026-A2 **തീയതി:19-06-2026**

**<u>വിജ്ഞാപനം</u>**

**വിഷയം:** ജയിൽ വകുപ്പ് – ആസ്ഥാനകാര്യാലയം – ജയിലുകളിലേയ്ക്ക് 4 കൗൺസിലർ/ സോഷ്യൽ വർക്കർമാരെ പ്രതിമാസ കരാർ വേതന വ്യവസ്ഥയിൽ താത്ക്കാലികാടിസ്ഥാനത്തിൽ നിയമിക്കുന്നതിന് അപേക്ഷ ക്ഷണിക്കുന്നു.

ജയിൽ അന്തേവാസികളുടെ മാനസിക പിരിമുറുക്കം, വിഷാദം (depression), മറ്റ് തരത്തിലുള്ള മാനസിക പ്രശ്നങ്ങൾ എന്നിവ പരിഹരിക്കുന്നതിന്റെ ഭാഗമായി 4 കൗൺസിലർ/ സോഷ്യൽ വർക്കർമാരെ നിയമിക്കുന്നു. കൊല്ലം, എറണാകുളം, പാലക്കാട്, കോഴിക്കോട് എന്നീ നാല് ജില്ലാ ജയിലുകളിലേയ്ക്കാണ് നിയമനം.

**തസ്തികയുടെ പേര്:** കൗൺസിലർ / സോഷ്യൽ വർക്കർ

**വിദ്യാഭ്യാസ യോഗ്യത:-** അംഗീകൃത സർവകലാശാലയിൽ നിന്നും സൈക്യാട്രിക് സോഷ്യൽ വർക്കിൽ MSW / MA (Psychology).

**പ്രവർത്തി പരിചയം:-** യോഗ്യത നേടിയ ശേഷം കൗൺസിലിംഗ് രംഗത്ത് കുറഞ്ഞത് 2 വർഷത്തെ പ്രവൃത്തി പരിചയം. കുറ്റവാളികളെ കൗൺസലിംഗ് ചെയ്ത പരിചയവും ക്രിമിനോളജി മേഖലയിൽ പ്രവർത്തിച്ച പരിചയവും അഭികാമ്യം.

ജയിൽ വകുപ്പിലോ സാമൂഹ്യനീതി വകുപ്പിലോ സമാന മേഖലയിൽ ജോലി ചെയ്തിട്ടുള്ളവർക്ക് മുൻഗണന ലഭിക്കുന്നതാണ്..

**പ്രതിമാസ വേതനം:-** 32,580/- രൂപ (മുപ്പത്തി രണ്ടായിരത്തി അഞ്ഞൂറ്റി എൺപത് രൂപ മാത്രം).

**ഉയർന്ന പ്രായപരിധി:-** 40 വയസ്. പ്രായപരിധിയിൽ KSSR പ്രകാരമുള്ള ഇളവ് അനുവദിക്കുന്നതല്ല.

**നിയമന കാലാവധി:-** യോഗ്യതയും മൂല്യനിർണയവും അടിസ്ഥാനമാക്കി പ്രതിമാസ കരാർ വേതന വ്യവസ്ഥയിൽ 12 മാസത്തേക്ക് താത്ക്കാലികാടിസ്ഥാനത്തിലായിരിക്കും നിയമനം.

**മറ്റ് വ്യവസ്ഥകൾ:-**

- **തൊഴിൽ സ്വാഭാവം:-** ജയിലിലെ അന്തേവാസികൾക്ക് മാനസിക സംഘർഷം ലഘൂകരിക്കുന്നതിന് ഉതകുന്ന ഉപദേശങ്ങൾ അല്ലെങ്കിൽ കൗൺസലിംഗ് നൽകുന്നതിനുള്ള

ഒരു താല്ക്കാലിക സംവിധാനം മാത്രമാണ് ഈ ജോലി.

- ഈ ജോലി പൂർണ്ണമായും കരാർ അടിസ്ഥാനത്തിലുള്ളതാണ്. ഭാവിയിൽ ഈ തസ്തികയിലോ, വകുപ്പിലോ, അനുബന്ധ സ്ഥാപനങ്ങളിലോ സ്ഥിരനിയമനത്തിനോ സേവനം സ്ഥിരപ്പെടുത്തുന്നതിനോ യാതൊരുവിധ അവകാശവാദവും ഉന്നയിക്കാൻ അർഹതയുണ്ടായിരിക്കുന്നതല്ല.
- **അവധി:-** ആകസ്മികാവധി (Casual Leave) മാത്രമാണ് ഈ ജോലിയിൽ ബാധകമായിട്ടുള്ളത്. ഒരു മാസത്തിൽ ഒരെണ്ണം എന്ന ക്രമത്തിൽ വർഷത്തിൽപരമാവധി 12 അവധിയായിരിയ്ക്കും ഉണ്ടായിരിക്കുക. പൊതു അവധിദിനങ്ങൾ ഉൾപ്പെടെ തുടർച്ചയായി പരമാവധി 7 ദിവസത്തിൽ കൂടുതൽ ജോലിയിൽ നിന്ന് വിട്ടുനിൽക്കാൻ പാടുള്ളതല്ല.

**തിരഞ്ഞെടുപ്പ് രീതി:-** അപേക്ഷകരുടെ സ്ക്രീനിംഗ്, അഭിമുഖം എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കും തിരഞ്ഞെടുപ്പ്.

**അപേക്ഷിക്കേണ്ട വിധം:**

താല്പര്യമുള്ള ഉദ്യോഗാർത്ഥികൾ വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റായ **www.keralaprisons.gov.in** -ൽ ലഭ്യമാക്കിയിട്ടുള്ള **നിശ്ചിത മാതൃകയിലുള്ള അപേക്ഷ പൂരിപ്പിച്ച്**, യോഗ്യത തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ പകർപ്പുകൾ സഹിതം താഴെ പറയുന്ന വിലാസത്തിൽ നേരിട്ടോ, തപാൽ മുഖേനയോ അല്ലെങ്കിൽ **keralaprisons@gov.in** എന്ന ഇമെയിൽ വിലാസത്തിലോ സമർപ്പിക്കേണ്ടതാണ്

ഡയറക്ടർ ജനറൽ,
പ്രിസൺസ് & കറക്ഷണൽ സർവീസസ്,
ജയിൽ ആസ്ഥാനകാര്യാലയം,
പൂജപ്പുര, തിരുവനന്തപുരം –695012

**അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി: 16-07-2026** വൈകിട്ട് **5.15 മണി** വരെ.

നിശ്ചിത സമയപരിധിക്കുള്ളിൽ ലഭിക്കാത്തതും അപൂർണ്ണവുമായ അപേക്ഷകൾ നിരുപാധികം നിരസിക്കുന്നതായിരിക്കും.

1) ഡയറക്ടർ
ഐ & പിആർഡി
2) ഇ ഗസറ്റ്
3) ജയിൽ വകുപ്പ് വെബ്സൈറ്റ്

Sreejith S
ADDITIONAL DIRECTOR GENERAL OF POLICE

Digitally signed by
Dinesh Bhagavathi Pillai
Date: 19-06-2026
12:41:18

**Application for the Post of Counsellor / Social Worker in Prisons Department**

(All details are mandatory)

| Passport size photo |
|---|

| | | | | |
|---|---|---|---|---|
| 1. Name (in Block letters) | | | | |
| 2. Father's/ Mother's/ Spouse's Name | | | | |
| 3. Date of birth & Age | | | | |
| 4. Gender | | | | |
| 5. Permanent Address | | | | |
| 6. Address for Communication | | | | |
| 7. Contact No. | | | | |
| 8. Email Id. | | | | |
| 9. Educational qualification: | Name of exam | Year of Passing | Board / university | % of Mark |
| | | | | |
| 10. Information Technology knowledge, if any | | | | |
| 11. Experience (Please mention the experience in relevant fields) | | | | |
| 12. Additional qualifications, if any | | | | |
| **** Copy of all the supporting documents shall be attached*** | | | | |

I hereby declared that all the above details are true to the best of my knowledge and belief.

| | |
|---|---|
| Place:<br><br>Date: | Signature: |